# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>ഉൽപാദനമേഖലയിലെ തകർച്ച</u>

4630 ഡോ. ടി.എം. തോമസ് ഐസക്
,, എം. ചന്ദ്രൻ
,, കെ.കെ. ജയചന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഉൽപാദന മേഖലയിലെ തകർച്ചയ്ക്കിടയാക്കിയ മുഖ്യകാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2012-13-ൽ ആഭ്യന്തര ഉൽപാദനത്തിന്റെ എത്ര ശതമാനം പങ്ക് കാർഷിക മേഖലയ്ക്കുണ്ടായിരുന്നു; ഇത് 2006-07 ൽ ഉണ്ടായിരുന്നതിനേക്കാൾ എത്ര ശതമാനം കുറയുകയുണ്ടായി;

(സി) കാർഷികമേഖലയിലെ തകർച്ചയ്ക്ക് എന്തെങ്കിലും പരിഹാരം കണ്ടെത്തുവാൻ സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഈ വർഷം ഇതിനായി പ്രത്യേക കേന്ദ്രസഹായം വല്ലതും ലഭിക്കുകയുണ്ടായോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>നാണ്യവിളകളുടെ വിലയിടിവ്</u>

4631 ശ്രീ. ഇ. പി. ജയരാജൻ
,, കെ. സുരേഷ് കുറുപ്പ്
,, എസ്. രാജേന്ദ്രൻ
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലയിടിവിന് കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം കാരണമായിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി എന്തെങ്കിലും തരത്തിലുള്ള ആശയ വിനിമയം സർക്കാർ നടത്തിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കരിൽ നിന്നും ലഭിച്ച പ്രതികരണം എന്തായിരുന്നു?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>വരൾച്ച കൃഷിനാശം പഠിക്കാൻ വന്ന കേന്ദ്രസംഘം</u>

4632 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചമൂലം സംസ്ഥാനത്തുണ്ടായ കൃഷിനാശത്തെ സംബന്ധിച്ച് പഠിക്കാൻ വന്ന കേന്ദ്രസംഘത്തിന് മുമ്പാകെ സർക്കാർ എന്തെല്ലാം വിഷയങ്ങളാണ് അവതരിപ്പിച്ചത്;

(ബി) സംഘം എവിടെയെല്ലാമാണ് സന്ദർശനം നടത്തിയത്;

(സി) സന്ദർശനത്തെത്തുടർന്ന് സംസ്ഥാനത്തിന് എന്തെങ്കിലും പ്രത്യേക പാക്കേജ് പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) പാക്കേജിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

കർഷക രജിസ്ട്രേഷൻ വഴി ലഭിച്ച വിവരങ്ങൾ
കാർഷികാഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തുന്ന നടപടി

4633 ശ്രീ. കെ. രാധാകൃഷ്ണൻ
,, എം. ചന്ദ്രൻ
,, സി. കെ. സദാശിവൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക രജിസ്ട്രേഷൻ നടപടികളിലൂടെ ലഭിച്ചിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ചു എന്തെല്ലാം തുടർനടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ കാർഷികാഭിവൃദ്ധിക്ക് രജിസ്ട്രേഷൻ നടപടികളിലൂടെ ലഭിച്ച വിവരങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായ ശേഷം കാർഷികവൃത്തിയിലേർപ്പെട്ടവർക്ക് കർഷകരായി രജിസ്ട്രേഷൻ നടത്താൻ അവസരം ഒരുക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അഗ്രിക്കൾച്ചർ ഇൻവെസ്റ്റേഴ്സ് മീറ്റ്</u>

4634 ശ്രീ. പി. എ. മാധവൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രിക്കൾച്ചർ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കാർഷിക അഭിവൃദ്ധിക്ക് ഈ മീറ്റ് എത്രമാത്രം സഹായകരമാകും എന്നാണ് വിലയിരുത്തുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>കിസാൻ പാസ്ബുക്ക്</u>

T-4635 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ പാസ്ബുക്ക് നിയമം നടപ്പാക്കൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിയമം നടപ്പാക്കാൻ പ്രാരംഭമായി തെരഞ്ഞെടുത്ത ഇടുക്കി, വയനാട് ജില്ലകളിൽ കിസാൻ കാർഡ് നല്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും പ്രായോഗിക തടസ്സങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ കാർഷിക ക്ലബ്ബുകൾ</u>

4636 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിലൂടെ ഓരോ ജില്ലയിലും എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്; ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കൃഷി ഭവനുകളുടെ പ്രവർത്തനം</u>

4637 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തല കൃഷി ഭവനുകളുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷി ഓഫീസർമാരുടെയും കൃഷി അസിസ്റ്റന്റുമാരുടെയും ഡ്യൂട്ടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി അസിസ്റ്റന്റുമാർ ക്ലറിക്കൽ ജോലികളിൽ മാത്രം ഒതുങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം</u>

4638 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ നവീകരണത്തിനുവേണ്ടി റിയാബിന്റെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ശമ്പളപരിഷ്കരണത്തിലെ പോരായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പി.എസ്.സി മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ കൃഷിവകുപ്പിന്റെ ജില്ലാതലയോഗം</u>

4639 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൃഷിവകുപ്പിന്റെ ജില്ലാതലത്തിലുള്ള ഏതെങ്കിലും യോഗം 2013 ജൂൺ മാസത്തിൽ വിളിച്ചുചേർത്തിട്ടുണ്ടോ;

(ബി) ഇതിൽ ആരെല്ലാമാണ് പങ്കെടുക്കേണ്ടിയിരുന്നത്; ആർക്കൊക്കെ കത്ത് കൊടുത്തിട്ടുണ്ട്;

(സി) നിയമസഭാംഗങ്ങൾ പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതുണ്ടോ; അവർക്ക് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത യോഗം ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമസഭാംഗങ്ങൾ പങ്കെടുക്കേണ്ട പ്രസ്തുത യോഗം സഭ സമ്മേളിക്കുമ്പോൾ വിളിച്ചുചേർക്കുന്നത് സർക്കാരിന്റെ അറിവോടെയാണോ?

(ഇ) പ്രസ്തുത യോഗം വിളിച്ചുചേർത്തത് ഏത് ഉദ്യോഗസ്ഥനാണ്; ഇവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ;

(എഫ്) സഭാസമ്മേളനവേളയിൽ ഇത്തരം യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച് സർക്കാർ നയമെന്താണ്;

(ജി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കൃഷി ഭൂമി നികത്തപ്പെട്ടതിനാൽ കൃഷിയിലുണ്ടായ കുറവ്</u>

4640 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് എത്ര മാത്രം കൃഷി ഭൂമി മറ്റാവശ്യങ്ങൾക്കു വേണ്ടി മാറ്റപ്പെട്ടുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; നിലവിൽ കൃഷി ഭൂമിയും നെൽവയലുകളും നികത്തപ്പെടുകയും അവസ്ഥാമാറ്റങ്ങൾ വരുത്തുകയും ചെയ്തതിൽ കൃഷിയിലുണ്ടായ കുറവ് വിശദമാക്കാമോ; ഇത്തരം വിഷയങ്ങളിൽ കൃഷി വകുപ്പ് റവന്യൂ വകുപ്പിനും, തദ്ദേശസ്വയംഭരണ വകുപ്പിനും പരാതികൾ നൽകിയിട്ടുണ്ടോ; ഇത്തരം പരാതികളിൽ എന്ത് നടപടികൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചേർത്തല താലൂക്കിൽ കൃഷി ഭൂമിക്ക് എത്ര മാത്രം കുറവുണ്ടായി; നിലം നികത്തപ്പെടുന്നതു സംബന്ധിച്ച് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള ചേർത്തല താലൂക്കിലെ വിവിധ കേസുകളിന്മേൽ എന്തു നടപടിയുണ്ടായി; ഇത്തരം കേസ്സുകളുടെ ചേർത്തല താലൂക്കിലെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ചും വിസ്തീർണ്ണം തിരിച്ചും ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>തരിശായി കിടക്കുന്ന കൃഷി ഭൂമി</u>

4641 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ നെൽ, കാപ്പി തുടങ്ങിയവ കൃഷി ചെയ്തു വരുന്ന സ്ഥലങ്ങൾ എത്ര ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ കാലങ്ങളിൽ കൃഷി ചെയ്തു വന്നിരുന്നതും ഇപ്പോൾ തരിശായി കിടക്കുന്നതുമായ സ്ഥലങ്ങളെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ഭൂമിയുടെ ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഹരിതസേന</u>

4642 ശ്രീ. ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതസേന രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളിക്ഷാമത്തിന് ഇതിന്റെ പ്രവർത്തനം എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മണ്ണ് പര്യവേഷണ പദ്ധതി</u>

4643 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിലുള്ള മണ്ണ് പര്യവേഷണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) വയനാട് ജില്ലയിലെ പഞ്ചായത്തുകളിലെ മണ്ണ് പര്യവേഷണ പദ്ധതിയുടെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

കേരള കർഷക കടാശ്വാസ കമ്മീഷൻ
തീർപ്പാക്കിയ അപേക്ഷകൾ

4644 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കർഷക കടാശ്വാസ കമ്മീഷനിൽ സമർപ്പിച്ച എത്ര അപേക്ഷകൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ തീർപ്പാകാതെ കിടപ്പുണ്ടായിരുന്നു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ എത്രയെണ്ണം തീർപ്പാക്കി; തീർപ്പാക്കിയവയിൽ എല്ലാവർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ഡി) ആത്മഹത്യ ചെയ്ത കർഷകർ ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

T-4645 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(ഡി) ഇവ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്</u>

4646 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് മുഖേന പാലക്കാട് ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പാലക്കാട് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് നടപ്പാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അടൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ്
നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ</u>

4647 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിൽ ഇക്കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷത്തിൽ കൃഷിവകുപ്പ് പുതിയതായി ആരംഭിച്ച പദ്ധതികൾ എന്തെല്ലാം; പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ;

(ബി) നിലവിൽ അടൂർ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയതായി എതെങ്കിലും പദ്ധതി അടൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>നെൽകൃഷിക്ക് പ്രോത്സാഹനം</u>

4648 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന വയലുകൾ മണ്ണിട്ടു നികത്തുന്നതു മൂലവും കൃഷിപ്പണിക്ക് ആളെക്കിട്ടാത്തത് മൂലവും നെൽകൃഷിയുടെ വിസ്തൃതി ഓരോ വർഷവും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് നെൽകൃഷി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്, പ്രത്യേകിച്ച് കര നെൽകൃഷിയടക്കം പ്രോത്സാഹിപ്പിക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>നെൽകൃഷി വികസനം</u>

4649 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നെല്ലുൽപാദനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുടുംബശ്രീയുടെ സഹായത്തോടെ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കരനെൽകൃഷിയുടെ വ്യാപനം</u>

4650 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ കരനെൽകൃഷി എത്ര ഹെക്ടറിൽ നടത്തുന്നു;

(ബി) കരനെൽകൃഷി വ്യാപകമാക്കാനും കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജ്</u>

T-4651 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി, ഫിഷറിസ്, പരിസ്ഥിതി, എസ്.എച്ച്.എം വകുപ്പുകൾക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കുട്ടനാട് പാക്കേജിൽ 13 ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര എന്നും ഇതിൽ ചെലവഴിച്ചത് എത്രയെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൻ കീഴിൽ എത്ര പാടശേഖരങ്ങളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും നിർമ്മാണം ആരംഭിച്ച പാടശേഖരങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഓണാട്ടുകരയ്ക്ക് പ്രത്യേക പാക്കേജുകൾ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര കോടി രൂപയാണ് ഇതിലേക്ക് നീക്കി വച്ചിട്ടുള്ളതെന്നും ജലനിർഗ്ഗമന പദ്ധതികൾക്ക് എത്ര വാട്ടർ ഷെഡ്ഡുകളായിട്ടാണ് പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇതിൽ ടെൻഡർ ചെയ്ത പ്രവൃത്തികൾ, നിർമ്മാണം ആരംഭിച്ചവ എന്നിവ ഏതൊക്കെയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പാടശേഖര സമിതികൾ</u>

4652 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര പാട ശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ട്; കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ; പാടശേഖരസമിതിയുടെ പേര്, ഭാരവാഹികളുടെ പേര്, സ്ഥിതിചെയ്യുന്ന വാർഡ്, പഞ്ചായത്ത് മുതലായ വിവരങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കുട്ടനാട്ടിൽ ആദ്യമായി രണ്ടാം കൃഷി ആരംഭിച്ച കർഷകന് സാമ്പത്തിക സഹായം നൽകാൻ നടപടി</u>

T-4653 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ആദ്യമായി രണ്ടാം കൃഷി ആരംഭിച്ചയാളായ കൈനകരി ഗ്രാമപഞ്ചായത്തിൽ കാക്കനാട് വീട്ടിൽ ശ്രീ. പി. ബാലന്റെ കുടുബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് മുഖ്യമന്ത്രി മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ;

(ബി) രണ്ടാം കൃഷി എന്ന ആശയം കുട്ടനാട്ടിൽ പ്രാവർത്തികമാക്കിയ ശ്രീ. പി. ബാലന്റെ കുടുംബത്തെ സഹായിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത അപേക്ഷയിന്മേൽ അനുകൂല തീരുമാനം എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത കുടുംബത്തെ ആദരിക്കുന്നതിനും സഹായിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) നിലവിൽ സാമ്പത്തികമായി തകർന്ന ശ്രീ. പി. ബാലന്റെ കുടുംബത്തിന് ദുരിതാശ്വാസ സഹായ നിധിയിൽ നിന്നും പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസന പദ്ധതി</u>

4654 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ നെൽകൃഷി വികസന പദ്ധതി സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണം</u>

4655 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രധാന നെൽവിത്തിനങ്ങൾ ഏതെല്ലാമാണ്;

(ബി) പരമ്പരാഗത നെൽകൃഷി പ്രോത്സാഹനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കും;

(സി) കർഷകർ പരമ്പരാഗത നെൽവിത്തിനങ്ങളുടെ കൃഷിയിൽ നിന്നും പിൻവാങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ വിശദമാക്കുമോ;

(ഡി) പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഓയിൽപാം ഇന്ത്യയ്ക്ക് നൽകിയ നെല്ലിന്റെ വില നൽകാൻ നടപടി</u>

4656 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ വിളവെടുത്ത നെല്ല് ഓയിൽപാം ഇന്ത്യയിൽ നൽകിയതിന് വില ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓയിൽപാം ഇന്ത്യ ഏറ്റെടുത്ത നെല്ലിന്റെ വില എന്നു നൽകുമെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

നാളികേര കൃഷി ലാഭകരമാക്കാൻ നടപടി

4657 ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട കർഷകരുടെ ജീവനോപാധിയായിരുന്ന നാളികേര കൃഷിയുടെ ഭൂവിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് ഇത്തരത്തിൽ ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നതെന്ന് അറിയിക്കാമോ ;

(സി) നാളികേരകൃഷി ലാഭകരമാക്കാൻ തദ്ദേശീയമായ ഭക്ഷ്യഎണ്ണ ഉല്പാദനത്തിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി വെളിച്ചെണ്ണ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നാളികേര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

4658

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നാളികേര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ ഉദ്പാദിപ്പിക്കുന്ന എന്തെല്ലാം ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷന് കീഴിൽ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും വേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കേര കർഷകരുടെ ക്ഷേമത്തിനായി നടപടികൾ</u>

4659

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേര കർഷകരുടെ ക്ഷേമത്തിനായി കൈക്കൊണ്ടുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കേരളത്തിൽ നിന്നും ഒരു ദിവസം എത്ര ടണ്ണോളം തേങ്ങ അന്യസംസ്ഥാനത്തേക്ക് കൊണ്ടുപോകുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര കേര കർഷകരും നാളികേര കൂട്ടങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി കൈക്കൊണ്ടുവരുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോക്കനട്ട് ബയോ പാർക്ക് പദ്ധതി</u>

4660 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' ചിറ്റയം ഗോപകുമാർ
'' ജി. എസ്. ജയലാൽ
'' മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേര കൃഷി സമുദ്ധാരണവുമായി ബന്ധപ്പെടുത്തി ആവിഷ്കരിച്ച കോക്കനട്ട് ബയോ പാർക്ക് പദ്ധതിയിൻകീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്കായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു;

(സി) ഈ പാർക്കിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഇളനീർ തെങ്ങുകൾ കൃഷി ചെയ്യാൻ നടപടി

4661 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യത്തിനായിവരുന്ന ഇളനീർ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേരളത്തിൽ ഇളനീർ തെങ്ങുകൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(സി) വിളവുകൂടിയതും നേരത്തെ കായ്ക്കുന്നതുമായ നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

ഇളനീരിനെ ഔദ്യോഗിക പാനീയമായി
പ്രഖ്യാപിക്കാൻ ഉത്തരവ്

4662

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇളനീർ സംസ്ഥാനത്തിന്റെ ഔദ്യോഗിക പാനീയമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങയിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ</u>

4663 ശ്രീ. പി. സി. വിഷ്ണുനാഥ്
'' പാലോട് രവി
'' വി. പി. സജീന്ദ്രൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരഫെഡ് പച്ചത്തേങ്ങയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

കൊല്ലം ജില്ലയിലെ പച്ചത്തേങ്ങ സംഭരണം

4664 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കിലോയ്ക്ക് എത്ര രൂപ നിരക്കിൽ ആണ് സംഭരിക്കുന്നതെന്നും തേങ്ങയുടെ വില എപ്രകാരമാണ് കർഷകർക്ക് വിതരണം ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കൊല്ലം ജില്ലയിൽ നിലവിൽ പച്ചത്തേങ്ങ സംഭരണം നടത്തുന്ന കൃഷിഭവനുകൾ ഓരോന്നിലും നാളിതുവരെ സംഭരിക്കപ്പെട്ട പച്ചത്തേങ്ങയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംഭരണവുമായി ബന്ധപ്പെട്ട് ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട കൃഷി ഓഫിസർമാർക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നീര ഉദ്പാദന യൂണിറ്റുകൾ</u>

4665 ശ്രീ. സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളികേര ഉത്പന്നമായ നീര ഉത്പാദിപ്പിക്കുന്നതിന് കേരളത്തിൽ സൊസൈറ്റികളെയോ ഫെഡറേഷനുകളെയോ കമ്പനികളെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പിന്റെ പരിശോധനക്കും മേൽനോട്ടത്തിനും വിധേയമായിട്ടാണോ ഇത്തരത്തിലുള്ള യൂണിറ്റുകൾ പ്രവർത്തിക്കുക;

(സി) നിർമ്മാണ യുണിറ്റുകളെ തിരഞ്ഞെടുക്കുന്നതിന് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ;

(ഡി) കേരള കാർഷിക സർവ്വകലാശാലയിൽ ഇതുസംബന്ധിച്ച് നടന്ന പഠനത്തിൽ തെങ്ങൊന്നിന് മൂന്ന് മാസത്തിൽ എത്ര വരുമാനം കിട്ടുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഇ) നീരയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര തുടങ്ങിയ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുവാനുള്ള നടപടിയും മേൽ സൂചിപ്പിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>നീര പദ്ധതി നടപ്പാക്കുന്നതിന് നിയമ നിർമ്മാണം</u>

4666 ശ്രീ. എം. പി. വിൻസെന്റ്
'' അൻവർ സാദത്ത്
'' വർക്കല കഹാർ
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തെങ്ങിൻ തടി ഉപയോഗം</u>

4667 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തെങ്ങിൻ തടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമുള്ള പ്രൈമറി പ്രോസ്സസ്സിങ്ങിനു വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>വി.എഫ്.പി.സി.കെ യുടെ വിപണന കേന്ദ്രങ്ങൾ</u>

4668 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ വി.എഫ്.പി.സി.കെ യുടെ എത്ര വിപണന കേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വിപണന കേന്ദ്രങ്ങളുടെ പ്രതിവർഷ വിറ്റുവരവ് എത്രയെന്ന് അറിയിക്കാമോ;

(സി) ഇവയിൽ സ്വന്തമായി കെട്ടിടമില്ലാത്ത കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പച്ചക്കറിയുടെ വിലക്കയറ്റം തടയാൻ നടപടി</u>

4669 ശ്രീ. തോമസ് ചാണ്ടി
'' എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ വിലവർദ്ധന നേരിടാൻ തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും നേരിട്ട് പച്ചക്കറി വാങ്ങുന്നതിനായി ഹോർട്ടികൾച്ചർ മിഷന്റേയും ഹോർട്ടി ക്കോർപ്പിന്റേയും ഉദ്യോഗസ്ഥരെ നിയോഗിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ബി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം പച്ചക്കറി ഔട്ട്ലെറ്റുകളും പച്ചക്കറി ബങ്കറുകളും അടിയന്തിരമായി പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന പച്ചക്കറി വിപണന ശാല</u>

4670 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടി കോർപ്പിന്റെ നേതൃത്വത്തിൽ സഞ്ചരിക്കുന്ന പച്ചക്കറി വിപണന ശാല സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നു;

(ബി) വിപണന ശാലയിലേക്ക് ആവശ്യമായ പച്ചക്കറികൾ എവിടെനിന്നെല്ലാം സംഭരിക്കുന്നു;

(സി) വിപണനശാലയുടെ ശരാശരി പ്രതിദിന വിറ്റുവരവ് എത്രയാണ്;

(ഡി) കൊല്ലം ജില്ലയിലും പ്രസ്തുത വിപണനശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>പച്ചക്കറി ബങ്കുകൾ</u>

4671 ശ്രീ. റ്റി. എൻ. പ്രതാപൻ
'' പാലോട് രവി
'' ഷാഫി പറമ്പിൽ
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ പച്ചക്കറി ബങ്കുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പച്ചക്കറികളുടെ വിലക്കയറ്റം തടയാൻ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>അട്ടപ്പാടിയിൽ ഹോൾട്ടികൾച്ചർ മിഷന് കീഴിലുള്ള പദ്ധതി</u>

4672 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഹോൾട്ടികൾച്ചർ മിഷന് കീഴിലുള്ള കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിലും പട്ടിക വർഗ്ഗ വികസന വകുപ്പും സംയുക്തമായി ആരംഭിച്ച പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കായി എത്ര രൂപയാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഏതെല്ലാം ഊരുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ആദിവാസികളല്ലാത്തവർക്ക് പദ്ധതിയിൽ പങ്കാളിത്തമുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് പങ്കാളികൾ എന്ന് വിശദീകരിക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഏത് ഫണ്ടിൽ നിന്നാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ</u>

4673

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗംഗാ ഇൻഷ്യേറ്റീവ് എന്ന എൻ.ജി.ഒ. വഴി ഹോർട്ടികൾച്ചർ മിഷൻ അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘടനയുടെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇവർ ആദിവാസി ഭൂമിയിൽ ഔഷധ കൃഷി നടത്തുന്നുണ്ടോ; ഏത് സ്ഥലത്താണ് ഈ കൃഷി നടക്കുന്നതെന്നും ഇതിനായി പണമായോ തൈകളായോ വിത്തായോ സഹായം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര രൂപയുടെ സഹായമാണ് സംഘടനയ്ക്ക് നൽകിയതെന്നു വിശദീകരിക്കാമോ;

(ഇ) പ്രസ്തുത സംഘടനയെ ഇത്തരത്തിൽ ഉത്തരവാദിത്വം ഏൽപ്പിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>പൈനാപ്പിൾ മിഷൻ</u>

4674 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൈനാപ്പിൾ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൈനാപ്പിൾ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

**അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ അമിത കീടനാശിനി പ്രയോഗത്തിൽ നിന്നുള്ള വിഷാംശം**

4675 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന പച്ചക്കറികളിൽ അനുവദനീയമായതിലും കൂടുതലാണ് കീടനാശിനികളിൽ നിന്നുള്ള വിഷാംശം എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അയൽ സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽപ്പെടുത്തി അമിതമായ കീടനാശിനി പ്രയോഗത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പച്ചക്കറികളിലെ വിഷാംശത്തിന്റെ അളവ് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി - അവശിഷ്ട വിഷാംശ പരിശോധന ലാബോറട്ടറിയിൽ പരിശോധിച്ച്, എല്ലാ മാസവും പരിശോധനാഫലം ജനങ്ങളുടെ അറിവിലേയ്ക്കായി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ജലത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പദ്ധതി</u>

4676 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്ക് ആവശ്യമായ ജലത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) കണിക ജലസേചന പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്;

(സി) പദ്ധതി കൊണ്ട് കർഷകർക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുക; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം</u>

4677 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാഞ്ഞിരപ്പിള്ളിയിലെ എം. പി. ഐ. യുടെ കീഴിലുള്ള 15 ഏക്കർ സ്ഥലത്തുനിന്ന്, കോടശ്ശേരി-പരിയാരം കുടിവെള്ള പദ്ധതിയുടെ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള അപേക്ഷയിൽ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ കുളങ്ങൾ നവീകരിക്കുന്നതിന് പദ്ധതി</u>

4678 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നബാർഡിന്റെ സഹായത്തോടെ ആർ.ഐ.ഡി.എഫ്.-ൽ പ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും എത്ര കുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതിയാണ് നൽകിയിട്ടുള്ളത്; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ഇപ്പോഴത്തെ പുരോഗതി വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കണ്ണൂർ നിയോജകമണ്ഡലത്തിലെ കുളങ്ങൾ പുനരുദ്ധരിക്കാൻ നടപടി</u>

4679 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കണ്ണൂർ നിയോജക മണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ നല്ലാഞ്ചി വയൽക്കുളം; കണ്ണൂർ മുനിസിപ്പാലിറ്റിയിലെ ആനക്കുളം, താളിക്കാവ് ചെട്ടിയാർ കുളം; എടക്കാട് പഞ്ചായത്തിലെ കാഞ്ഞിവയൽ കാഞ്ഞിരക്കുളം; എളയാവൂർ പഞ്ചായത്തിലെ ചക്ക്യാടത്ത് കുളം; ചേലാറ പഞ്ചായത്തിലെ കാപ്പാട് സി.പി.സ്റ്റോർ ചേലോറ കോളനി റോഡിൽ ചൊയ്യാൻ പറമ്പിലെ കുളം; എന്നിവ കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കാവുന്ന രീതിയിൽ ആധുനികവൽക്കരിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തി പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

"വീട്ടിലൊരു തേന്മാവ്" പദ്ധതി

4680 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "വീട്ടിലൊരു തേന്മാവ്" പദ്ധതി പാലക്കാട് ജില്ലയിലെ എല്ലാ നിയോജക മണ്ഡലത്തിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതു പഞ്ചായത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) മാവിൻ തൈകൾ വിതരണം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് വിതരണം നടത്തുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ നിറവ് പദ്ധതി</u>

4681 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുളളത് ; വിശദമാക്കുമോ ;

(ബി) നടപ്പുവർഷം ഏതെല്ലാം മണ്ഡലങ്ങളെയാണ് പുതുതായി പ്രസ്തുത പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ഏറനാട് നിയോജകമണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം മണ്ഡലത്തിൽ നിറവ് കാർഷിക പദ്ധതി</u>

4682 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലപ്പുറം മണ്ഡലത്തിൽ നിറവ് കാർഷിക പദ്ധതി നടപ്പാക്കുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**28.06.2013-ലെ മറുപടിക്ക്**

<u>കോവളത്ത് 'നിറവ്' പദ്ധതി</u>

4683 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'നിറവ്' പദ്ധതിയിൽ കോവളം നിയോജകമണ്ഡലത്തെ കൂടി ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ സ്ഥാപിച്ച ഗ്രീൻ ഹൗസുകൾ</u>

4684 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ തോറും ഗ്രീൻ ഹൗസ് സ്ഥാപിക്കുന്ന പദ്ധതിയനുസരിച്ച് അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഗ്രീൻ ഹൗസുകൾ സ്ഥാപിച്ചു;

(ബി) ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുകയുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നവർക്ക് ലഭ്യമാകുന്ന സൗകര്യങ്ങളും സഹായങ്ങളും എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സ്കൂളുകളിൽ ജൈവ പാചകവാതക പ്ലാന്റുകൾ</u>

4685 ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജൈവ പാചകവാതക പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് കൃഷിവകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്കൂളുകളിലും പരിസരങ്ങളിലും ഉള്ള മാലിന്യം സംസ്കരിച്ച് പാചകവാതകം ഉണ്ടാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>തവന്നൂർ കാർഷിക സർവ്വകലാശാല അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ് വളപ്പിലെ ഇല്ലത്തറ</u>

4686 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ കാർഷിക സർവ്വകലാശാല അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ് വളപ്പിൽ വില്വമംഗലത്ത് സ്വാമിയാരുടെ ജന്മഗേഹമായ പുരാതന ഇല്ലത്തറ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം വില്വമംഗലത്തിന്റെ സ്മാരകത്തിനായി വിട്ടുനൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപേക്ഷ കൃഷിവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നുമാണ് അപേക്ഷ ലഭിച്ചത്;

(ഡി) ഇതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>കൃഷി അസിസ്റ്റന്റുമാർക്ക് സ്ഥാനക്കയറ്റം</u>

4687 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം മുഖേന കൃഷി ഓഫീസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിനായി നടത്തിയ സ്യൂട്ടബിലിറ്റി ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചോ; ഇല്ലെങ്കിൽ ആയത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഈ ഇനത്തിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും ആകെ എത്ര ഒഴിവുകളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്</u>

4688 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർമാരായി തെരഞ്ഞെടുക്കപ്പെടേണ്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൃഷി അസിസ്റ്റന്റുമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ആയത് പ്രകാരം ഗ്രേഡ് പ്രമോഷൻ നടത്തിയിട്ടുണ്ടോ; പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കൃഷി ശാസ്ത്ര ഡിപ്ലോമക്കാർക്ക് ഫാം അസിസ്റ്റന്റുമാരായി നിയമനം</u>

4689 ശ്രീ.സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിലെ പട്ടാമ്പി ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച കൃഷി ശാസ്ത്ര ഡിപ്ലോമ കോഴ്സിൽ യോഗ്യത നേടിയവർക്ക് കൃഷിവകുപ്പിൽ കൃഷി അസിസ്റ്റന്റുമാരായി നിയമനം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പബ്ലിക് സർവ്വീസ് കമ്മീഷനോ, സർക്കാരിനോ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കാർഷിക സർവ്വകലാശാലയിൽ ഫാം അസിസ്റ്റന്റുമാരായി നിയമിക്കുന്നതിന് കൃഷി ശാസ്ത്ര ഡിപ്ലോമ അടിസ്ഥാന യോഗ്യതയായി പരിഗണിക്കുവാൻ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഉടൻ ഭേദഗതി ചെയ്യുവാൻ നിർദ്ദേശം നൽകുമോ;

(ഡി) ആദ്യ ബാച്ച് പുറത്തിറങ്ങാറായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് സർവ്വകലാശാലക്ക് വ്യക്തമായ നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റ്മാരുടെ തസ്തികകൾ</u>

4690 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൃഷി അസിസ്റ്റന്റ്മാരുടെ തസ്തികകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>പട്ടാമ്പി ഗവേഷണ കേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളികളുടെ നിയമനം</u>

4691 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാല പട്ടാമ്പി ഗവേഷണ കേന്ദ്രത്തിൽ കാഷ്വൽ തൊഴിലാളികളുടെ നിയമനത്തിനായി തയ്യാറാക്കിയ ലിസ്റ്റ് സംബന്ധിച്ച് സർവ്വകലാശാലക്ക് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളുടെ സ്വഭാവം വ്യക്തമാക്കാമോ ;

(സി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ; അന്വേഷണം പൂർത്തിയാവുന്നതുവരെ ഈ ലിസ്റ്റിൽ നിന്നുള്ള നിയമനം നീട്ടിവെക്കുമോ ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>വെള്ളായണി കാർഷിക കോളേജിലെ ഫാം തൊഴിലാളികളുടെ പെൻഷൻ</u>

4692

ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കാർഷിക കോളേജിലെ ഫാമിൽ എത്ര തൊഴിലാളികളാണ് ഇപ്പോൾ പണിയെടുക്കുന്നത്;

(ബി) അവിടെ നിന്ന് വിരമിച്ച് പെൻഷൻ വാങ്ങുന്ന എത്ര ആളുകൾ ഉണ്ട്;

(സി) അവർ ഏതൊക്കെ വർഷങ്ങളിൽ പെൻഷൻ പറ്റി പിരിഞ്ഞുവെന്നും എന്തു തുക വീതമാണ് പെൻഷൻ വാങ്ങുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) കാലാകാലങ്ങളിൽ ഉണ്ടാകുന്ന ശമ്പള പരിഷ്കരണം അനുസരിച്ചുള്ള പെൻഷൻ വർദ്ധനവ് ഇവരുടെ കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(എഫ്) അത്തരത്തിൽ വർദ്ധിപ്പിച്ച പെൻഷൻ തങ്ങൾക്ക് ലഭിക്കുന്നില്ല എന്ന് ഇവരിലാരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ വകുപ്പിൽ പുന:സംഘടന</u>

4693

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ എന്തെങ്കിലും പുന:സംഘടനാ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ;

(ബി) വകുപ്പിലെ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളുടെ നിയന്ത്രണം ആർ.എ.ഐ.സി.-യിൽ നിന്നും മാറ്റാനും ആർ.എ.ഐ.സി. സംവിധാനം നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകരം എന്ത് സംവിധാനമാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ തീരുമാനത്തിലൂടെ ഏതെങ്കിലും തസ്തിക ഇല്ലാതാവുകയോ, നിലവിലുള്ളവയുടെ എണ്ണത്തിൽ മാറ്റം വരികയോ ചെയ്യുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) മാറ്റങ്ങളുടെ ഫലമായി ജീവനക്കാരുടെ തസ്തികകളുടെ എണ്ണത്തിലും ആനുകൂല്യത്തിലും കർഷകർക്ക് ഉപകേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സേവനത്തിലും കുറവ് വരില്ല എന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത മാറ്റങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ഉൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

<u>കാലിത്തീറ്റ ഫാക്ടറികൾ</u>

4694

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ, സർക്കാർ മേഖലകളിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ ഫാക്ടറികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏതെല്ലാമാണെന്നും ഇവയുടെ വില എത്രയാണെന്നും അറിയിക്കുമോ;

(സി) കാലിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇവ ഫലപ്രദമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.06.2013-ലെ മറുപടിക്ക്

'ഗാർഹിക - കോഴിവളർത്തൽ വികസന പദ്ധതി'

4695 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ പ്രഖ്യാപിച്ച 'ഗാർഹിക - കോഴിവളർത്തൽ വികസന പദ്ധതി' പ്രകാരം വകയിരുത്തിയ 10.42 കോടി രൂപയിൽ എത്ര കോടി ചെലവഴിച്ചുവെന്നും നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരവും നൽകുമോ;

(ബി) ഇക്കാര്യങ്ങളിൽ ചെലവഴിച്ച തുക ജില്ല തിരിച്ച് നൽകുമോ;

(സി) എപ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നുള്ള വിവരം നൽകുമോ;

(ഡി) പഞ്ചായത്തുകൾ മുഖേനയാണോ അല്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പു മുഖേനയാണോ തുക വിതരണം ചെയ്തതെന്നുള്ള വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

കോഴിയിറച്ചി, മുട്ട എന്നിവയുടെ വില ഉയരുന്നതിന്റെ കാരണം

4696 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോഴിയിറച്ചി, മുട്ട എന്നിവയുടെ വില ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) തമിഴ്നാട് ലോബി കൃത്രിമ ക്ഷാമം ഉണ്ടാക്കി വില വർദ്ധിപ്പിക്കുന്നു എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കോഴികുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ കേരളത്തിലെ ഫാം ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ നൽകി കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റല്‍ പോളിക്ലിനിക്കാക്കി ഉയര്‍ത്തുന്നത്</u>

4697 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി വെറ്ററിനറി ഹോസ്പിറ്റല്‍ അപ്ഗ്രേഡ് ചെയ്ത് വെറ്ററിനറി പോളിക്ലിനിക്കാക്കി ഉയര്‍ത്തുവാന്‍ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) ഇതിനായി അധിക തസ്തികകളും സൗകര്യങ്ങളും ഏര്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ;

(സി) 55 വര്‍ഷം പഴക്കമുള്ള നിലവിലെ ചാലക്കുടി വെറ്ററിനറി ആശുപത്രിയുടെ കെട്ടിടത്തിനു പകരമായി ഒരു പുതിയ കെട്ടിടം ആശുപത്രി കോമ്പൗണ്ടില്‍ തന്നെ നിര്‍മ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

പാലക്കാട് ധോണി ഫാമിൽ ആശ്രിതനിയമനത്തിനായി അപേക്ഷ

4698 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ധോണി ഫാമിൽ സർവ്വീസിലിരിക്കെ മരണപ്പെട്ട ശ്രീമതി. ആർ. രുഗ്മിണിയുടെ മകൻ ബാലമുരുകൻ ആശ്രിതനിയമനത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ടിയാന്റെ നിയമന ഉത്തരവ് അയച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

4699 ശ്രീ. മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ ആധുനികവത്കരണത്തിന് കഴിഞ്ഞ സർക്കാർ ആരംഭിച്ച നടപടികൾ ഈ സർക്കാർ തുടരുന്നുണ്ടോ എന്നറിയിക്കുമോ ;

(ബി) എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(സി) ഗസറ്റുകൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതു മൂലം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോ;

(ഡി) ആധുനികവത്കരണം മൂലം ഏതെങ്കിലും തസ്തികകൾ ഇല്ലാതാവുന്നുണ്ടോ; എങ്കിൽ അത്തരത്തിലുള്ളവരുടെ ജോലി സംരക്ഷണത്തിന് എന്തു നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 28.06.2013-ലെ മറുപടിക്ക്

<u>ഗവൺമെന്റ് പ്രസ്സുകളിൽ ബയന്റർഗ്രേഡ് II തസ്തികകളുടെ എണ്ണം</u>

4700 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ ബയന്റർ ഗ്രേഡ് II-ന്റെ എത്ര തസ്തികകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) 29.11.1982 മുതൽ 10.3.2000 വരെ സൃഷ്ടിച്ച അഡീഷണൽ തസ്തികകളിൽ എത്ര പേർ സേവനമനുഷ്ഠിക്കുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) 1972 ലെ സ്പെഷ്യൽ റൂൾ പ്രകാരം 1:1 എന്ന അനുപാതത്തിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ഡി) ജി.ഒ.(എം.എസ്.) 104/97/എച്ച്.ഇ.ഡി. തീയതി 5.8.1997 പ്രകാരം എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?